## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3794**      **20.10.2016 -ൽ മറുപടിക്ക്**

### തരിശ്ശായിക്കിടക്കുന്ന സർക്കാർ ഭൂമിയുടെ കൃത്യമായ കണക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ബി.ഗണേഷ് കുമാർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | തരിശ്ശായിക്കിടക്കുന്ന സർക്കാർ ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സർക്കാർ ഭൂമിയുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എല്ലാ വില്ലേജ് ഓഫീസുകളിലും ലഭ്യമാണെങ്കിലും അതിൽ തരിശായി കിടക്കുന്നവ (ഉപയോഗ രഹിതമായി കിടക്കുന്നവ) സംബന്ധിച്ച് പ്രത്യേകം കണക്കുകൾ ഒന്നും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |
| (ബി) | താലൂക്ക് അടിസ്ഥാനത്തിലോ നിയോജക മണ്ഡലാടിസ്ഥാനത്തിലോ ഇതിന്റെ കണക്ക് ജനപ്രതിനിധികൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ; | (ബി) | പ്രത്യേകം കണക്ക് ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ നൽകുവാൻ നിവൃത്തിയില്ലാത്തതാണ്. |
| (സി) | ഈ ഭൂമിയിൽ കൈയ്യേറ്റങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുന്നതിനും പരിശോധന കൃത്യമായി നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും നടപടികൾ ത്വരിതപ്പെടുത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും പ്രത്യേക പരിശോധനാ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ